# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 107

12.06.14 ൽ - മറുപടിക്ക്

# ഭക്ഷ്യസുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>,, കെ. കെ. ജയചന്ദ്രൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. കെ. കെ. നാരായണൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യസുരക്ഷാ പദ്ധതി സംസ്ഥാനത്ത് എന്നു മുതൽ നടപ്പിൽ വരുമെന്ന് വ്യക്തമാക്കുമോ; നിലവിലുള്ള റേഷൻ സമ്പ്രദായത്തെ ഈ നിയമം ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) ഭക്ഷ്യസുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ തത്വത്തിൽ തീരുമാനിച്ചു കൊണ്ട് 02.12.2013 ലെ സ.ഉ.(കൈ) നം.53/13/ഭ.പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. 2013-ലെ ഭക്ഷ്യസുരക്ഷാനിയമ പ്രകാരം 2014 ജൂലൈ 5-ാം തീയതിക്കു മുമ്പായി ഈ പദ്ധതി നടപ്പിലാക്കേണ്ടതായുണ്ട്. ഇതിന്റെ പ്രായോഗിക വൈഷമ്യം കണക്കിലെടുത്ത് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ 2015 മെയ് 31 വരെ സമയം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോടപേക്ഷിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ എ.പി.എൽ. കുടുംബങ്ങളിൽ വലിയ ഒരു വിഭാഗത്തിന് റേഷൻ വിഹിതം കുറയാൻ സാധ്യതയുണ്ട്. അഗതികൾക്ക് ഇപ്പോൾ നൽകിവരുന്ന സൗജന്യറേഷൻ, ക്ഷേമസ്ഥാപനങ്ങൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യം ഇവ സംബന്ധിച്ച് ഭക്ഷ്യസുരക്ഷാനിയമത്തിൽ ഒന്നും തന്നെ വ്യവസ്ഥ ചെയ്തിട്ടില്ല. ഇവർക്ക് കൂടി ഭക്ഷ്യധാന്യവിതരണം തുടരണമെന്നും കേന്ദ്രസർക്കാരിനോടഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാകുമ്പോൾ സംസ്ഥാനത്ത് റേഷൻ സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്; | (ബി) ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ കാർഡുടമകളെ മൂന്നായി തരം തിരിച്ചിട്ടുണ്ട്. എ.എ.വൈ ഗുണഭോക്താക്കൾ, മുൻഗണനാ വിഭാഗം, ജനറൽ വിഭാഗം. മുൻഗണനാ വിഭാഗത്തിലെ കാർഡിലുൾപ്പെട്ട ഓരോ അംഗത്തിനും പ്രതിമാസം 5 കിലോഗ്രാം വീതം ഭക്ഷ്യധാന്യത്തിന് അർഹതയുണ്ട്. എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെട്ട കാർഡുടമകൾക്ക് 35 കി.ഗ്രാം ഭക്ഷ്യധാന്യം മുൻകാലങ്ങളിലെന്ന പോലെ തുടർന്നും |

ലഭിക്കുന്നതാണ്. മുൻഗണന/എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് ഭക്ഷ്യധാന്യ വിതരണം ഏതെങ്കിലും കാരണവശാൽ പ്രാവർത്തികമാകാതെ വന്നാൽ ഭക്ഷ്യധാന്യ ത്തിന്റെ വില ഫുഡ് സെക്യൂരിറ്റി അലവൻസായി നൽകുന്നതാണ്. ഭക്ഷ്യ സുരക്ഷാനിയമ പ്രകാരം സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ 52.63% ജനതയും നഗര പ്രദേശങ്ങളിൽ 39.5% ജനതയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ഒരു കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ വനിതയായിരിക്കും പുതിയ റേഷൻ കാർഡിന്റെ ഉടമസ്ഥ. 18 വയസ്സിനു മുകളിലുള്ള സ്ത്രീകൾ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ മാത്രമേ കുടുംബത്തിലെ പ്രായം കൂടിയ പുരുഷനെ കാർഡുടമയായി ഈ നിയമപ്രകാരം പരിഗണിക്കുകയുള്ളു.

പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിക്കുന്ന താണ്.

(സി) ഈ നിയമം നടപ്പാകുമ്പോൾ എ.പി.എൽ വിഭാഗക്കാരായ കാർഡുടമകൾ പൂർണ്ണമായും പൊതുവിതരണ സംവിധാനത്തിൽ നിന്ന് പുറത്താകുമെന്ന ആശങ്ക നിലനിൽക്കുന്നുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) & (ഡി) സംസ്ഥാനത്തിന്റെ പ്രതിവർഷ ശരാശരി അലോട്ട്മെന്റ് 14.25 ലക്ഷം മെ.ടൺ ആയിരിക്കുമെന്ന് ഈ നിയമം പ്രതിപാദിക്കുന്നുണ്ട്. മുൻഗണനാ വിഭാഗത്തിന് വേണ്ടി വരുന്നത് ഏകദേശം 10.13 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം മാത്രമാണ്. മേൽ സാഹചര്യത്തിൽ ഇപ്രകാരം അധികം ലഭിക്കുന്ന ഭക്ഷ്യധാന്യം പൊതുവിഭാഗത്തിൽപ്പെടുന്ന കാർഡുടമകൾക്ക് കൂടി വിതരണം ചെയ്യാവുന്നതാണ്.

(ഡി) നിലവിൽ റേഷൻ പരിധിയിൽ ഉൾപ്പെടുന്ന എല്ലാ കുടുംബങ്ങൾക്കും തുടർന്നും റേഷൻ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സെക്ഷൻ ഓഫീസർ

# <u>വിശദീകരണ കുറിപ്പ്</u>

ഭക്ഷ്യസുരക്ഷാനിയമം 2013 പ്രകാരം സംസ്ഥാനത്ത് മൂന്ന് തരം റേഷൻ കാർഡ് ഉടമകളാണ് പ്രധാനമായും നിലവിലുണ്ടാവുക. മുൻഗണനാ വിഭാഗം, ജനറൽ വിഭാഗം, എ.എ.വൈ പദ്ധതിയിൽ ഉൾപ്പെട്ട വിഭാഗം. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട കാർഡിലെ ഓരോ അംഗത്തിനും പ്രതിമാസം 5 കിലോഗ്രാം വീതം ഭക്ഷ്യധാന്യം ലഭിക്കുന്നതാണ്. എ.എ.വൈ. ഗുണഭോക്താക്കൾക്ക് മുമ്പ് ഉണ്ടായിരുന്നതുപോലെ 35 കി.ഗ്രാം ഭക്ഷ്യധാന്യം തുടർന്നും ലഭിക്കുന്നതാണ്. മുൻഗണനാ/എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് ഭക്ഷ്യധാന്യ വിതരണത്തിൽ മുടക്കം വന്നാൽ ആയതിന്റെ വില ഫുഡ് സെക്യൂരിറ്റി അലവൻസായി നൽകാനും ഈ നിയമം അനുശാസിക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലെ 52.63 ശതമാനവും നഗര പ്രദേശങ്ങളിലെ 39.5 ശതമാനവും ജനത ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ വനിതയായിരിക്കും കാർഡിന്റെ ഉടമസ്ഥ. 18 വയസ്സിനു മുകളിലുള്ള സ്ത്രീകളുടെ അഭാവത്തിൽ മാത്രമേ കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ പുരുഷനെ കാർഡുടമസ്ഥനായി പരിഗണിക്കുകയുള്ളൂ.

നൂതന–സാങ്കേതിക വിദ്യയുടെ സഹായത്തോടെ റേഷൻ വിതരണരംഗം നവീകരിക്കപ്പെടുകയും ഭക്ഷ്യധാന്യങ്ങളുടെ നീക്കവും സംഭരണവും വിതരണവും സുതാര്യമായും ലളിതമായും നിറവേറ്റപ്പെടുകയും ചെയ്യുന്നു.

സംസ്ഥാനത്തിനുള്ള വാർഷിക അലോട്ട്മെന്റ് 14.25 ലക്ഷം മെ.ടൺ ആയിരിക്കുമ്പോൾ മുൻഗണനാ വിഭാഗങ്ങൾക്ക് വിതരണത്തിന് ആവശ്യമായി വരുന്നത് 10.13 ലക്ഷം മെ.ടൺ മാത്രമാണ്. ബാക്കിയുള്ള ഭക്ഷ്യധാന്യം പൊതുവിഭാഗത്തിൽ ഉൾപ്പെട്ട റേഷൻ കാർഡുടമകൾക്ക് നൽകുക വഴി സംസ്ഥാനത്തെ എല്ലാ കാർഡുടമകളെയും പൊതുവിതരണ ശൃംഖലയിൽ ഉൾക്കൊള്ളിക്കാവുന്നതാണ്.

പദ്ധതിയുടെ ആവിഷ്കാരത്തിനും നടത്തിപ്പിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും പരാതിപരിഹാരത്തിനും തുടർച്ചയായ അവലോകനത്തിനും വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുമായി സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിക്കുന്നതിനും ഈ നിയമം അനുശാസിക്കുന്നു.

Sreetha